# വെളിപ്പാട്പുസ്തകം ഒരു പഠനം - ഭാഗം 9

"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായതല്ല. ദൈവകൽപ്പനയാൽ മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ (2പത്രോ. 1:20,21)".



Pr. M.V. Simon B.Th, M.Div, M.A 'M.Th'

## അധ്യായം 8

### ഏഴാം മുദ്ര

ഏഴാം മുദ്ര പൊട്ടിക്കുന്നതോടു കൂടി വെളിപ്പാടുപുസ്തകം 8ാം അധ്യായം ആരംഭിക്കുന്നു. 7 ..ാം മുദ്ര പൊട്ടിക്കുമ്പോൾ സ്വർഗ്ഗത്തിൽ അര മണിക്കൂർ മൗനം ഉണ്ടായി. ഇത് ഒരു ദുഃഖാചരണമല്ല. നമ്മുടെ നാട്ടിൽ ചിലവ്യക്തികൾ മരിക്കുമ്പോൾ അവരുടെ സ്ഥാനം അനുസരിച്ച് ചില മിനിറ്റുകൾ ദുഃഖം ആചരിക്കാറുണ്ട്. എന്നാൽ ഈ മൗനത അതല്ല. വരാൻ പോകുന്ന കഷ്ഠതയുടെ കാഠിന്യം മനഃസ്സിലാക്കി സ്വർഗ്ഗം പോലും മൗനം പാലിക്കുന്നു. ഈ സമയത്ത് ഏഴുദൂതൻമാർക്ക് 7 കാഹളം ലഭിക്കുന്നു.

### ധുപ വർഗ്ഗമാകുന്ന പ്രാർത്ഥന (8:3,4)

ധുപ പീഠം ക്രിസ്തുവിനെ കാണിക്കുന്നു.ധുപ വർഗ്ഗം രക്ഷിക്കപ്പെട്ടവന്റെ പ്രാർത്ഥന, ആരാധന,സ്തുതി, സ്തോത്രം (സങ്കി.141:2) ഇവയെ വെളിപ്പെടുത്തുന്നു. പ്രാർത്ഥനഅർപ്പിക്കേണ്ട വിധം ശ്രദ്ധിക്കുക. ദൈവത്തെ സംബോധന ചെയ്യ്ത് (അപ്പോ.12:5) പരിശുദ്ധാത്മാവിൽ (യൂദാ.20) യേശു ക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണം (യോഹ.14:13,14;16:24). ത്രിയേക ദൈവത്തിന്റെ സാന്നിധ്യം പ്രാർത്ഥനയിൽ ഉണ്ടായിരിക്കേണം. വേറെ ഒരു പ്രാർത്ഥനയും പാടില്ല.

പ്രാർത്ഥന യേശു കിസ്തുവിന്റെ നാമത്തിൽ മാത്രമേ പാടുള്ളൂ. അതിനുള്ള കാരണങ്ങൾ താഴെപറയുന്നവയാണ്.

1. യേശു ക്രിസ്തുവല്ലാതെ രക്ഷക്കു വേറെ നാമമില്ല(അപ്പോ.4:12).
2. സ്വർഗ്ഗത്തിലും ഭൂമിയിലും അധികാരമുള്ളവൻ(മത്താ.28:18)
3. യേശു ക്രിസ്തുമാത്രമാണ് ഏക പരിശുദ്ധൻ (വെളി.15:14)
4. യേശു ക്രിസ്തു മാത്രമാണ് ഏക മധ്യസ്ഥൻ. കാരണം രക്തം തന്ന് വീണ്ടെടുത്തവൻ(1 തിമ.2:5)
5. പ്രാർത്ഥന, ആരാധന, സ്തുതി, സ്തോത്രം,സകലവും സ്വീകരിപ്പാൻ യോഗ്യൻ(വെളി.4:11,5:12).
6. ന്യായവിധി നടത്തുവാൻ അധികാരമുള്ളവൻ (യോഹ.5:22).

ധൂപം കാട്ടാനുള്ള അവകാശം പുരോഹിത വസ്ത്രം അണിഞ്ഞ അഹരോനും അവന്റെ മക്കൾക്കുമായിരിന്നു(പുറ.28:1). രക്ഷിക്കപ്പെട്ട ദൈവമക്കൾക്കു മാത്രമേ പ്രാർത്ഥന, ആരാധന പാടുള്ളൂ(യോഹ.9:31;സദൃ.28;9;21:27;15:8;യെശ.1:15). ദൈവത്തെ പിതാവേ എന്നു വിളിക്കുന്നവൻ വീണ്ടും ജനിച്ചവനായിരിക്കണം. വ്യവസ്ഥ തെറ്റിയാൽ ശിക്ഷ(2ദിന.26:16,19...21).**